# ആലപ്പുഴയിൽ ആദിവാസികൾക്കിടയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ

4.84 ലക്ഷം ആദിവാസികളാണ് കേരളത്തിൽ വിവിധ ജില്ലകളിലായി ഇന്ന് അധിവസിക്കുന്നത്. 35 ഓളം ആദിവാസി വിഭാഗങ്ങൾ കേരളത്തിലുണ്ട്. ചോല നായ്ക്കർ, കുറുമ്പ, കാട്ടുനായ്ക്കൻ, കദാർ, കൊരഗാസ് എന്നീ വിഭാഗങ്ങളാണ് ഇതിൽ ഏറ്റവും പ്രാചീനമായ ആദിവാസി ഗോത്രങ്ങൾ. ആകെയുള്ള ആദിവാസികളിൽ അഞ്ച് ശതമാനത്തോളം വരും ഇവർ. പശ്ചിമഘട്ടത്തിലെ മലനിരകളിലാണ് കേരളത്തിലെ ആദിവാസികളിൽ ഭൂരിഭാഗവും അധിവസിക്കുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ളത് വയനാട്ടിലാണ്.

## ആലപ്പുഴയിലെ ആദിവാസികൾ

പാലക്കാടും വയനാടും ഇടുക്കിയുമടക്കമുള്ള ജില്ലകളിൽ നിന്ന് നിന്ന് ജോലിക്കും മറ്റുമായി ആലപ്പുഴയിലെത്തി സ്ഥിരതാമസമാക്കിയ ഉള്ളാട വിഭാഗത്തിലുള്ളവരാണ് ആലപ്പുഴയിലെ ആദിവാസികൾ. അതിനാൽ തന്നെ ആദിവാസി ഊരുകൾ ആലപ്പുഴ ജില്ലയിലില്ല. നെൽകൃഷി അടക്കമുള്ള കൃഷി ജോലികൾ ചെയ്യുന്നതിനായി വർഷങ്ങൾക്ക് മുമ്പേ ആലപ്പുഴയിലെത്തി ഇവിടെ താമസമാക്കിയവരാണ് ആലപ്പുഴയിലെ ആദിവാസികൾ ഏറെയും. പുരുഷന്മാർ കൂടുതലും മരംവെട്ട് തൊഴിലാളികളാണ്. തോണി നിർമ്മാണം, പുൽത്തടുക്ക് നിർമ്മാണം, കളിവഞ്ചിയുണ്ടാക്കൽ തുടങ്ങിയ ജോലികളും ഇവർ ചെയ്തു വരുന്നു. പച്ചമരുന്നുകളെക്കുറിച്ചുള്ള അറിവുള്ള സ്ത്രീകളിൽ ചിലർ മാത്രം മരുന്ന് ശേഖരിച്ച് നൽകുന്ന തൊഴിൽ ചെയ്യുന്നു. ചില ആദിവാസി പുരുഷന്മാർ ഇവിടെയുള്ള നാട്ടുകാരായ സ്ത്രീകളെ വിവാഹം ചെയ്ത് ജീവിക്കുന്നുമുണ്ട്. സർക്കാർ ജോലി ലഭിച്ച ആദിവാസികളും ഇവർക്കിടയിലുണ്ട്. ട്രൈബൽ സർവ്വേ അനുസരിച്ച് 859 ആദിവാസി കുടുംബങ്ങളാണ് ആലപ്പുഴ ജില്ലയിലുള്ളത്. ആകെ മൂന്ന് ആദിവാസി അയൽക്കൂട്ടങ്ങൾ മാത്രമാണ് ജില്ലയിലുള്ളത്. ആകെ 42 അയൽക്കൂട്ടാംഗങ്ങളും.

**<u>ആലപ്പുഴയിലെ കുടുംബശ്രീ ഇടപെടൽ, ആശയ രൂപീകരണം</u>**

2016ൽ ധനകാര്യമന്ത്രി ഡോ. തോമസ് ഐസക്കിന്റെ നിർദ്ദേശ പ്രകാരമാണ് ആലപ്പുഴയിലെ ആദിവാസികൾക്കിടയിൽ കുടുംബശ്രീ ശക്തമായ രീതിയിൽ പ്രവർത്തിച്ചു തുടങ്ങിയത്. ആതിന്റെ ഭാഗമായി ആലപ്പുുഴ നിയമസഭാ മണ്ഡലത്തിന് കീഴിലുള്ള ആദിവാസികൾക്കായി പ്രത്യേക വികസന പദ്ധതിയും തയാറാക്കി. മാരാരിക്കുളം വടക്ക്, മാരാരിക്കുളം തെക്ക്, മണ്ണഞ്ചേരി, ആര്യാട് ഗ്രാമപഞ്ചായത്തുകളിലും ആലപ്പുഴ നഗരസഭാപ്രദേശത്തുമായാണ് ആലപ്പുഴ മണ്ഡലത്തിലെ ആദിവാസി വിഭാഗങ്ങൾ താമസിക്കുന്നത്. ആകെ 142 കുടുംബങ്ങൾ. അതിൽ 22 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. പന്ത്രണ്ട് കുടുംബങ്ങൾക്ക് സ്വന്തമായി റേഷൻ കാർഡില്ല. ഇരുപതിൽ പരം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് ഇല്ല. നാൽപ്പതിൽപ്പരം കുടുംബങ്ങളിൽ തൊഴിലുറപ്പ് കാർഡ് പോലുമില്ല.

മണ്ഡലത്തിലെ  ഓരോ ആദിവാസി കുടുംബത്തിലുമെത്തി മാസങ്ങൾ നീണ്ട സർവ്വേയ്ക്കും വിവരശേഖരണത്തിനും ശേഷം ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് മൈക്രോ പ്ലാൻ തയാറാക്കുകയാണ് കുടുംബശ്രീ ജില്ലാ ജെൻഡർ ടീം ചെയ്തത്. അതിന് ശേഷം 2017 ജൂലൈയിൽ ആദ്യമായി ജില്ലാ മിഷനിൽ പ്രത്യേക പ്രോഗ്രാം മാനേജരേയും നിയമിച്ചു.

ആലപ്പുഴ നിയോജക മണ്ഡലത്തിലെ ആദിവാസികൾക്കായി മൈക്രോ പ്ലാൻ തയാറാക്കിയതിന് പിന്നാലെ ഈ കുടുംബങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആദ്യം ആരംഭിച്ചത്. വീടുകളുടെ നവീകരണത്തിനായി തൃശ്ശൂരിൽ നിന്നുള്ള ലേബർ കോൺട്രാക്റ്റിങ് സൊസൈറ്റിയെന്ന ഏജൻസിയെ നിയോഗിച്ചു. 2018 മേയ് മാസത്തോടെ ഈ പ്രവർത്തനങ്ങൾ പൂർത്തിയാകും. പിന്നാലെയാണ് നിയോജക മണ്ഡലത്തിലെ മുഴുവൻ പട്ടിക വർഗ്ഗ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള സമഗ്ര വികസന പദ്ധതിയുടെ ഭാഗമായുള്ള തൊഴിൽ പരിശീലന പരിപാടി ആരംഭിച്ചത്. കയർ ഉത്പന്ന നിർമ്മാണ പരിശീലനം 2018 ജനുവരി എട്ട് മുതൽ ഏപ്രിൽ 13 വരെയാണ്. നേരത്തേ തന്നെ പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയായി കുടുംബശ്രീയെ നിശ്ചയിക്കുകയും ചെയ്തിരുന്നു. എല്ലാ തദ്ദേശഭരണ

സ്ഥാപനങ്ങളും പട്ടിക വർഗ്ഗ വകുപ്പും ഈ പദ്ധതിയിൽ പങ്കാളികളാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും എംഎൽഎയുടെയും ഫണ്ടുകളും പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടും ഒത്തുചേർത്താണ് പദ്ധതിക്കായുള്ള ഫണ്ട് കണ്ടെത്തിയിരിക്കുന്നത്.

**കയർ ഉത്പന്ന നിർമ്മാണ പരിശീലനം, തുടക്കം**

സാമ്പത്തിക വികസം കൂടാതെ സാമൂഹ്യ മാറ്റങ്ങൾ കൂടി ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. അതുതന്നെയാണ് ആദിവാസി സ്ത്രീകൾക്ക് വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങൾ എന്ന ചിന്തയിലേക്ക് നയിച്ചതും. കയർ കോർപ്പറേഷനുമായി സഹകരിച്ച് മൂന്ന് മാസം നീളുന്ന തൊഴിൽ പരിശീലന പരിപാടിയും ആസൂത്രണം ചെയ്തു. പ്രാരംഭ ഘട്ടത്തിൽ 2017 ഡിസംബർ 16ന് ആര്യാട് ബ്ലോക്കിൽ വച്ച് 142 കുടുംബങ്ങളിൽ നിന്നുള്ള എല്ലാ അംഗങ്ങളെയും വിളിച്ച് ഈ തൊഴിൽ പരിശീലനത്തെക്കുറിച്ച് വിവരങ്ങൾ പങ്കുവച്ചു. 20നും 45നും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്കാണ് പരിശീലനം നൽകുകയെന്നും അറിയിച്ചു. അതേമാസം 26ന് ബ്ലോക്കിൽ വച്ച് താത്പര്യ പ്പെട്ടു വന്നവർക്ക് അഭിമുഖം നടത്തി അവരിൽ നിന്ന് 28 പേരെ തെരഞ്ഞെടുത്തു. കുടുംബശ്രീ സംസ്ഥാന മിഷൻ, കയർ കോർപ്പറേഷൻ പ്രതിനിധികൾ എന്നിവരു ൾപ്പെടുന്നവരാണ് അഭിമുഖം നടത്തിയത്.

മാരാരിക്കുളം സൗത്ത് പഞ്ചായത്ത് കെട്ടിടത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കാനും തീരുമാനിച്ചു. ജനുവരി ഏഴിന് മന്ത്രി തോമസ് ഐസക് തെരഞ്ഞെടുക്കപ്പെട്ട ആദിവാസി സ്ത്രീകൾക്ക് ക്ലാസ്സുകൾ നൽകി. അതിന് പിറ്റേന്ന് മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

**പ്രവർത്തനം**

രാവിലെ 9 മുതൽ വൈകുന്നേരം 5 വരെയാണ് പരിശീലനം. കയറുകൊണ്ടുള്ള മാറ്റ് കയർ ഭൂവസ്ത്രം എന്നിവയുടെ നിർമ്മാണമടക്കമുള്ള കാര്യങ്ങളിലാണ് മൂന്ന് നേരത്തേ ഭക്ഷണവും ദിനബത്തയായി 200 രൂപയും യാത്രാ ബത്ത ഇനത്തിൽ 25 രൂപയും നൽകുന്നു. പരിശീലന ചെലവുൾപ്പെടെയുള്ള ചെലവുകൾ കയർ കോർപ്പറേഷനാണ് വഹിക്കുന്നത്. പരിശീലനത്തിനായി സ്ത്രീകളെ കണ്ടെത്തുക,

ആശയവിനിമയം അടക്കമുള്ള വ്യക്തിത്വ വികസന വിഷയങ്ങളിൽ പരിശീലനം നൽകുകയെന്നതാണ് കുടുംബശ്രീയുടെ ചുമതല. ഏക്സാഥിന്റെ അഞ്ച് പേരടങ്ങുന്ന ട്രെയിനിങ് ടീമാണ് പരിശീലിപ്പിക്കുന്നത്. പരിശീലനം കൂടാതെ പങ്കെടുക്കുന്ന സ്ത്രീകളെയെല്ലാം ചേർത്ത് കൊച്ചിയിലേക്ക് ഒരു വിനോദയാത്രയും സംഘടിപ്പിച്ചിരുന്നു.

**ഭാവി**

- മാർച്ച് അവസാനത്തോടെ 25 സ്ത്രീകൾ ഉൾപ്പെടുന്ന അടുത്തൊരു ബാച്ചിന് കൂടി പരിശീലനം നൽകും.
- പരിശീലനം പൂർത്തിയാക്കുന്നവരെ ചേർത്ത് ഒരു സൊസൈറ്റി രൂപീകരിക്കും. കയർ കോർപ്പറേഷൻ തന്നെ അവർക്ക് ഓഡറുകൾ നൽകുകയും ഉത്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വാങ്ങുകയും ചെയ്യും.
- ഉത്പാദത്തിനുള്ള അസംസ്കൃത വസ്തുക്കളും കോർപ്പറേഷൻ നൽകും.
- പരിശീലനം പൂർത്തിയാക്കി കഴിഞ്ഞാലും മറ്റൊരു കെട്ടിടം സൗകര്യത്തിന് കിട്ടുന്നത് വരെ പരിശീലനം നടത്തുന്ന ഇതേ കെട്ടിടത്തിൽ തന്നെ ജോലി ചെയ്ത് തുടങ്ങാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ആദിവാസി സ്ത്രീകൾക്ക് ഇതോടെ സ്ഥിരവരുമാനം ഉറപ്പാകും.
- തൊഴിൽ പരിശീലനം കൂടാതെ സമഗ്ര പദ്ധതിയുടെ ഭാഗമായി ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്തും. ആരോഗ്യ പരിരക്ഷയ്ക്കായി ഹെൽ ത്ത്കാർഡുകൾ ഈ കുടുംബങ്ങൾക്കെല്ലാം ലഭ്യമാകുമെന്ന് ഉറപ്പുവരു ത്തും.
- ജില്ലയിലെ മറ്റ് ബ്ലോക്കുകളിൽ കൂടി ഇതേ പദ്ധതി വ്യാപിപ്പിക്കും. ഇതിനായി പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള എസ്ടി ആനിമേറ്റർമാരെയും നിയമിക്കും.